# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.990** **30.9.2016 ൽ മറുപടിയ്ക്ക്**

## റബ്ബർ ടാപ്പിംഗ് മേഖലയിലെ തൊഴിലാളികളുടെ അഭാവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റബ്ബർ വിലയിടിവു മൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകർക്കും തൊഴിൽ നഷ്ടമാകുന്ന ടാപ്പിംഗ് തൊഴിലാളികൾക്കും മറ്റനുബന്ധ തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ആശ്വാസ നടപടികൾ വിശദമാക്കാമോ; | (എ) | റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി താങ്ങുവില കിലോയ്ക്ക് 150 രൂപയായി നിശ്ചയിക്കുകയും ഇതിനായി സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നതിനായി നടപ്പ സാമ്പത്തികവർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബർ ബോർഡ് മുഖേന ടാപ്പേഴ്സ് ബാങ്ക് എന്ന പദ്ധതി സ്വയം സഹായസംഘങ്ങളുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിനും വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും അതിൻപ്രകാരം കേന്ദ്രസർക്കാർ സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25%മോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപായോ ഏതാണോ കുറവ് എന്ന നിലയ്ക്ക് ഉയർത്തി നിശ്ചയിക്കുകയും ചെയ്തു. കൂടാതെ റബ്ബർ ഇറക്കുമതി രണ്ടു തുറമുഖങ്ങൾ വഴി മാത്രമായി നിജപ്പെടുത്തി. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി മൂലം വിലത്തകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽ കണ്ട്കൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | തൊഴിൽ നഷ്ടമായതോടെ മറ്റുതൊഴിൽ തേടി പോകുന്നതുമൂലം റബ്ബർ ടാപ്പിങ്ങിന് മതിയായ തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ | (ബി), (സി) &(ഡി) | |

| | |
|---|---|
| തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി), (സി) &(ഡി) |
| | വിദഗ്ധ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് റബ്ബർ ബോർഡ് മുഖേന തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും ജോലിസ്ഥിരത ഉറപ്പാക്കുന്നതിനുമായി 'ടാപ്പേഴ്സ് ബാങ്ക് ' എന്ന പദ്ധതി നടപ്പാക്കി വരുന്നു. |
| (സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | |
| (ഡി) റബ്ബർ ടാപ്പിംഗ് മേഖലയുടെ ആധുനികവൽക്കരണത്തിനും പരിശീലനം നൽകി തൊഴിലാളികളെ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ